പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1828** **10.02.2020-ൽ മറുപടിയ്ക്ക്**

## ഗതാഗത നിയമ ലംഘനത്തിനുള്ള പിഴ

| | ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗതാഗത നിയമ ലംഘനത്തിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ മോട്ടോർ വാഹനവകുപ്പിന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | നൽകിയിട്ടുണ്ട്.വ്യത്യസ്ഥ കേസുകളിൽ ഹൈക്കോടതിയും കൂടാതെ സുപ്രീം കോടതിയുടെ ആക്സിഡന്റ് റിഡക്ഷൻ കമ്മറ്റിയും നിർദ്ദേശം നൽകിയിട്ടുണ്ട്.ആയതിൻ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ട്രാഫിക് നിയമ ലംഘനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് നൽകുന്ന നോട്ടീസ് അവഗണിക്കുകയും പിഴ അടക്കാത്തതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരം നൽകിയ നോട്ടീസുകളുടെ അടിസ്ഥാനത്തിൽ പിഴയിനത്തിൽ നാളിതുവരെ പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | ഡി.റ്റി.സി. തിരുവനന്തപുരം - 14,01,29,875<br>ഡി.റ്റി.സി. എറണാകുളം - 2,23,87,720<br>ഡി.റ്റി.സി. തൃശ്ശൂർ - 99,02,800<br>ഡി.റ്റി.സി. കോഴിക്കോട് - 51,48,400<br>**ആകെ - 17,75,68,795** |
| (ഡി) | നിയമലംഘനം നടത്തി പിഴ അടയ്ക്കാത്തവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കരിമ്പട്ടികയിൽപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ